20. ഖൺ ആന്റ് ദി സെയിം സർട്ടിഫിക്കറ്റ്

21. പൊസഷൻ & നോൺ അറ്റാച്ച്മെന്റ് സർട്ടിഫിക്കറ്റ്

22. വാല്വേഷൻ സർട്ടിഫിക്കറ്റ്

23. വിധവ/വിഭാര്യൻ സർട്ടിഫിക്കറ്റ്

24. മൈനോറിറ്റി സർട്ടിഫിക്കറ്റ്

(സി) റവന്യൂ വകുപ്പ് കൂടാതെ കേരള സ്റ്റേറ്റ് ഐ.റ്റി. മിഷൻ, നാഷണൽ ഇൻഫർമാറ്റിക്സ് സെന്റർ (എൻ.ഐ.സി.), അക്ഷയസെന്ററുകൾ എന്നീ ഏജൻസികളാണ് ഇതിനായി സഹകരിക്കുന്നത്.

(ഡി) G.O.(P) No. 24/2010/ITD തീയതി 4-8-2010 പ്രകാരം ഓൺ ലൈൻ വഴി നൽകുന്ന സർട്ടിഫിക്കറ്റുകൾക്ക് ആധികാരികതയുണ്ട്.

(ഇ) അക്ഷയ കേന്ദ്രങ്ങൾ വഴി വിതരണം ചെയ്ത ലഘുലേഘകൾ വഴിയും വിവിധ മാധ്യമങ്ങളിലൂടെയുള്ള പരസ്യങ്ങളിലൂടെയും ബോധവൽക്കരണ പരിപാടികൾ നടത്തിയിട്ടുണ്ട്.

പാലക്കാട് ജില്ലയിലെ മിച്ചഭൂമി വിതരണം

146 (1189) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാലക്കാട് ജില്ലയിൽ എത്ര ഏക്കർ മിച്ചഭൂമി വിതരണം ചെയ്യാനുണ്ട്; വില്ലേജടിസ്ഥാനത്തിൽ ഭൂമിയുടെ സർവ്വേ നമ്പർ, ഭൂവിസ്തൃതി എന്നിവ സഹിതം വിശദാംശം ലഭ്യമാക്കാമോ ;

(ബി) തീർപ്പുകൽപ്പിക്കുവാനുള്ള മിച്ചഭൂമി കേസുകൾ എത്രയെന്ന് താലൂക്കടിസ്ഥാനത്തിൽ വിശദാംശം നൽകാമോ ;

(സി) ഭൂരഹിതർക്ക് മിച്ചഭൂമി വിതരണം ചെയ്യുന്ന പരിപാടി പ്രകാരം ജില്ലയിൽ എത്ര കുടുംബങ്ങൾക്ക് ഭൂമി നൽകി; എത്ര ഭൂമി നൽകി ; വിശദാംശം ലഭ്യമാക്കാമോ; ഇനി എത്ര കുടുംബങ്ങൾക്കാണ് ഭൂമി വിതരണം ചെയ്യാനുള്ളത് ; എന്ന് ഭൂമി വിതരണം ചെയ്യുവാൻ കഴിയുമെന്നാണ് കരുതുന്നത് ; വിശദാംശം ലഭ്യമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) പാലക്കാട് ജില്ലയിൽ വിതരണയോഗ്യമായി 49.39 ഏക്കർ മിച്ചഭൂമി നിലവിലുണ്ട്. വില്ലേജ് തിരിച്ചുള്ള വിശദാംശം ചുവടെ ചേർക്കുന്നു :

താലൂക്ക്	വില്ലേജ്	സർവ്വെ നമ്പർ	വിസ്തീർണ്ണം (ഏക്കർ)
ആലത്തൂർ	പുതുക്കോട്	73 എ/7	
	മംഗലം ഡാം	344/4pt, 344/15, 344/3pt, 326/1pt	0.19
മണ്ണാർക്കാട്	അഗളി	1650	
	കള്ളമല	956, 960, 961, 962, 963, 964	48.91
പട്ടാമ്പി	വല്ലപ്പുഴ	186/5	0.29

(ബി) തീർപ്പുകൽപ്പിക്കാനുള്ള മിച്ചഭൂമി കേസുകൾ താലൂക്ക് അടിസ്ഥാനത്തിൽ ചുവടെ ചേർക്കും പ്രകാരമാണ്.

പാലക്കാട്	-	35
ചിറ്റൂർ	-	38
ആലത്തൂർ	-	42
ഒറ്റപ്പാലം	-	33
മണ്ണാർക്കാട്	-	70

(സി) വിവരം ശേഖരിച്ചുവരുന്നു.

മൂന്നാർ ടൈബ്യൂണലിന്റെ പ്രവർത്തനങ്ങൾ

147 (1190) ശ്രീ. കെ. കെ. ജയചന്ദ്രൻ :
ശ്രീ. എസ്. രാജേന്ദ്രൻ :
ശ്രീ. കെ. സുരേഷ് കുറുപ്പ് :
ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മൂന്നാർ ടൈബ്യൂണലിന്റെ പ്രവർത്തനങ്ങൾ പരിശോധിച്ചിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly